പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1945 — 19.06.2012-ൽ മറുപടിക്ക്.

## തീരദേശ റെയിൽവേ സോൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ. കെ. എം. ഷാജി:<br>ശ്രീ. വി. .എം. ഉമ്മർ മാസ്റ്റർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് ഒരു റെയിൽവേ സോൺ വേണമെന്ന ആവശ്യം നടപ്പാക്കിക്കിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | 19.9.2011 ൽ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ ഒരു പ്രത്യേക റെയിൽവേ സോൺ എന്ന ആവശ്യം റെയിൽവേ പരി ശോധിക്കുന്നതായി ബഹുമാനപ്പെട്ട കേന്ദ്ര റയിൽ മന്ത്രി പറയുകയും, തിരുവനന്തപുരത്ത് ആസ്ഥാനമായി ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ മേൽ നോട്ടത്തിൽ ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തുടങ്ങുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഫെബ്രുവരി 2012- ൽ ബഹു. മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പു മന്ത്രിക്ക് നൽകിയ മെമ്മോറാണ്ട ത്തിലും സംസ്ഥാനത്തിന് പ്രത്യേക റെയിൽവേ സോൺ എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ തീരം കേന്ദ്രീകരിച്ച് തീരദേശ റെയിൽവേ സോൺ എന്ന ആശയം പരിഗണനയിലുണ്ടോ? | (ബി) | ഇല്ല. |
| (സി) | തീരദേശ മേഖലയുടെ സമഗ്രവികസനത്തിന് സഹായകരമായ തീരദേശസോൺ പ്രാവർത്തികമാക്കിയെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | (ബി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ